## പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1449** **03/05/2017- ലെ മറുപടിയ്ക്ക്**

## ആസൂത്രണ ബോർഡിലെ അംഗങ്ങളുടെയും പദ്ധതികളുടെയും ലിസ്റ്റ്

| ചോദ്യം<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ആസൂത്രണ ബോർഡിലെ സ്ഥിരാംഗങ്ങളുടെയും പാർട്ട് ടൈം അംഗങ്ങളുടെയും പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്. ലഘുജീവചരിത്രം എന്നിവ ലഭ്യമാക്കുമോ: | (എ) | ആസൂത്രണ ബോർഡിലെ സ്ഥിരാംഗങ്ങളുടെയും പാർട്ട് ടൈം അംഗങ്ങളുടെയും പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇ- മെയിൽ അഡ്രസ്. ലഘുജീവചരിത്രം എന്നിവ അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു. |
| (ബി) | ആസൂത്രണ ബോർഡിൽ എത്ര സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്: ഓരോ സബ്കമ്മിറ്റി അംഗങ്ങളുടെയും പേര് നല്കുമോ: ഓരോ സബ്കമ്മിറ്റിയുടെയും ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കുമോ: | (ബി) | ആസൂത്രണ ബോർഡിൽ 43 വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെയും അംഗങ്ങളുടെയും പേര് അനുബന്ധം- ബി-ആയി ചേർത്തിരിക്കുന്നു. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. |
| (സി) | കേന്ദ്രസർക്കാരിന്റെ നീതിആയോഗിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ തയ്യാറാക്കുന്ന പരിചയം ഉള്ള സാങ്കേതിക വിദഗ്ധർ ഓരോ കമ്മിറ്റിയിലും ഉണ്ടോ: അവരുടെ സേവനം ഉപയോഗിച്ച് ഓരോ മേഖലയുടെയും വികസനത്തിന് തയ്യാറാക്കിയ പദ്ധതി രേഖകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ആസൂത്രണ ബോർഡ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | അതാതു വിഷയ മേഖലകളിൽ പ്രാവീണ്യം നേടിയ സാങ്കേതിക വിദഗ്ധമാരെ ഉൾപ്പെടുത്തിയാണ് ഓരോ കമ്മിറ്റിയും രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പദ്ധതികൾക്കൊന്നും നിലവിൽ നീതിആയോഗിന്റെ മാർഗ്ഗ നിർദ്ദേശങ്ങളൊന്നും ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്